## പ്രധാനവാർത്തകൾ

RNU TVPM

1. എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് പങ്കെടുക്കും. കൊച്ചിയിൽ സുരക്ഷ ശക്തമാക്കി.

2. കേന്ദ്ര സർക്കാർ ജോലിയിൽ പ്രവേശിച്ചവർ അവരുടെ മികവും ആത്മവിശ്വാസവും രാജ്യത്തിന് വേണ്ടി ഉപയോഗിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 51,000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് പ്രധാനമന്ത്രി നിയമന പത്രങ്ങൾ വിതരണം ചെയ്തു.

3. രാജ്യത്തെ നിയമനങ്ങൾ റോസ്ഗർ മേളയിലൂടെ സുതാര്യമായതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. രാഷ്ട്രനിർമ്മാണത്തിനുള്ള ഒരു അവസരമാണ് സർക്കാർ സേവനമെന്ന് കേന്ദ്ര സഹമന്ത്രി വി സോമണ്ണ.

4. കേരളത്തിലെ ഊർജ്ജ മേഖലയെ വിശ്വസനീയവും സുസ്ഥിരവുമായി നിലനിർത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി.

5. കേരളത്തിൽ ശക്തമായ മഴ തുടരും. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6. സംസ്ഥാന സ്കൂൾ കായികമേളയിൽ മുന്നേറ്റം തുടർന്ന് തിരുവനന്തപുരം ജില്ല . തൃശൂർ രണ്ടാം സ്ഥാനത്ത്.

## രാഷ്ട്രപതി-കൊച്ചി

രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ കേരള പര്യടനം തുടരുന്നു. എറണാകുളം സെൻ്റ് തെരേസാസ് കോളേജിലെ ജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി ഇപ്പോൾ പങ്കെടുക്കുകയാണ്. പരിപാടിയിൽ പങ്കെടുത്ത ശേഷം രാഷ്ട്രപതി ഇന്ന് ഡൽഹിയിലേക്ക് തിരിക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചിയിൽ കനത്ത സുരക്ഷയാണ് ഒരുക്കിയിട്ടുള്ളത്. ഉച്ചയ്ക്ക് 2.00 മണിവരെ കൊച്ചി സിറ്റി പോലീസ് കമ്മീഷണറേറ്റ് പരിധിയിൽ ഗതാഗത നിയന്ത്രണവും ഡ്രോൺ പറത്തുന്നതിന് നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

രാഷ്ട്രപതിയുടെ വാഹന വ്യൂഹം കടന്നു പോകുന്ന വഴിയിൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിലുള്ള വാഹന പാർക്കിംഗ് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഇന്നലെ തിരുവനന്തപുരത്തും കോട്ടയത്തും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുത്തിരുന്നു.

RNU TVPM

## പ്രധാനമന്ത്രി (ഇൻട്രോ)

കേന്ദ്ര സർക്കാർ ജോലിയിൽ പ്രവേശിച്ചവർ അവരുടെ മികവും ആത്മവിശ്വാസവും രാജ്യത്തിന് വേണ്ടി ഉപയോഗിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇതിലൂടെ അവരുടെ വിജയം വ്യക്തിഗതം മാത്രമല്ല സമൂഹത്തിന് വേണ്ടിയുള്ളതായി മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു. റോസ്ഗർ മേളയുടെ പതിനേഴാം പതിപ്പിൽ 51,000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് നിയമന പത്രങ്ങൾ ഓൺലൈനായി വിതരണം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്...........)

നിയമനം ലഭിച്ച യുവാക്കൾക്ക് അവരുടെ സ്വപ്ന സാഫല്യം മാത്രമല്ല മറിച്ച് രാജ്യത്തെ അഭിവൃദ്ധിയിലേക്ക് എത്തിക്കുന്നതിനുള്ള അവസരമാണ് ലഭിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തുടനീളമുള്ള 40 ഇടങ്ങളിലായാണ് ഇന്ന് മേള നടന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## റോസ്ഗാർ - ജോർജ്ജ് കുര്യൻ (ഇൻട്രോ)

റോസ്ഗാർ മേളയുടെ ഭാഗമായി തപാൽ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച തൊഴിൽമേള കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം

RNUTVPM

ചെയ്തു. രാജ്യത്തെ നിയമനങ്ങൾ റോസ്ഗർ മേളയിലൂടെ സുതാര്യമായതായി കേന്ദ്ര സഹമന്ത്രി പറഞ്ഞു.

ഓരോ കുടുംബത്തിൻ്റെയും വ്യക്തിയുടെയും വരുമാനം വർധിച്ചാൽ മാത്രമേ ഇന്ത്യയെ 2047 ൽ വികസിത രാജ്യമാക്കി മാറ്റാൻ സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്........)

കേന്ദ്രസർക്കാർ കഴിഞ്ഞ 2 വർഷം കൊണ്ട് 10 ലക്ഷം പേർക്ക് നിയമനം നൽകിയതായും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

RNU TVPM

**കേന്ദ്ര സഹമന്ത്രി വി സോമണ്ണ**

രാഷ്ട്രനിർമ്മാണത്തിനുള്ള അവസരമാണ് സർക്കാർ സേവനമെന്ന് കേന്ദ്ര സഹമന്ത്രി വി സോമണ്ണ. കേന്ദ്ര സർക്കാർ കൂടുതൽ തൊഴിൽ അവസരങ്ങൾ മാത്രമല്ല, വ്യാപാരം നടത്തുന്നതിനുള്ള ആവാസവ്യവസ്ഥ കൂടി സൃഷ്ടിക്കുന്നതായും കോഴിക്കോട് CWRDM-ൽ സംഘടിപ്പിച്ച റോസ്ഗർ മേളയിൽ അദ്ദേഹം പറഞ്ഞു. 2047 ഓടെ വികസിത ഭാരതമാക്കാനുള്ള ലക്ഷ്യത്തിലാണ് കേന്ദ്ര സർക്കാരെന്നും കേന്ദ്രസഹമന്ത്രി മന്ത്രി പറഞ്ഞു.

## വിഷൻ 2031-ഊർജ്ജ വകുപ്പ്

രാജ്യത്തിൻറെ നെറ്റ് സീറോ ഊർജ്ജ പരിവർത്തനവുമായി യോജിക്കുന്ന രീതിയിൽ കേരളത്തിലെ ഊർജ്ജ മേഖലയെ വിശ്വസനീയവും സുസ്ഥിരവും ഉപഭോക്തൃ കേന്ദ്രീകൃതവുമായി നിലനിർത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. മലമ്പുഴയിൽ ഊർജ്ജ വകുപ്പ് സംഘടിപ്പിക്കുന്ന 'വിഷൻ 2031' സെമിനാറിൽ കരട് നയരേഖ അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. വൈദ്യുതി കേവലം സൗകര്യം മാത്രമല്ല പുരോഗതിയുടെയും വ്യവസായ വളർച്ചയുടെയും അടിസ്ഥാനമാണെന്നും മന്ത്രി പറഞ്ഞു.

RNUTVPM

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 127 - ാാം പതിപ്പ് മറ്റന്നാൾ. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഇന്ന് വരെ പങ്കുവയ്ക്കാം.

## ആന്ധ്ര പ്രദേശ് -അപകടം-അനുശോചനം

ആന്ധ്രാപ്രദേശിലുണ്ടായ ബസ് അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ,ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപെടെയുള്ളവർ ദുഖം രേഖപ്പെടുത്തി. അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപയും ധനസഹായം പ്രഖ്യാപിച്ചു. 40 ഓളം പേർ ബസിലുണ്ടായിരുന്നു. 15 പേർ ചികിത്സയിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## സംസ്ഥാന സഹകരണ യൂണിയൻ

സംസ്ഥാന സഹകരണ യൂണിയൻ, കേരള-യുടെ തിരുവനന്തപുരം ഊറ്റുകുഴിയിലുള്ള നവീകരിച്ച ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ ഇന്ന് നിർവഹിക്കും. സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതി അംഗങ്ങൾ, സഹകാരികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## മഴ- കേരളം

കേരളത്തിൽ വടക്കൻ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം

RNU TVPM

മുതൽ കാസർകോട് വരെ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## റഡാറുകൾ-വയനാട്-(ഇൻട്രോ)

കേരളത്തിലെയും കർണാടകയിലെയും കാലാവസ്ഥാ പ്രവചനം കൂടുതൽ കൃത്യമാക്കാൻ നിർണായകമാകുന്ന കാലാവസ്ഥാ റഡാറുകൾ വയനാട്ടിൽ ഒരുങ്ങുന്നു.100 കിലോമീറ്റർ നിരീക്ഷണമുള്ള എക്സ്-ബാൻഡ് ഡോപ്ലർ റഡാർ ആണ് സ്ഥാപിക്കുന്നത്.

RNU TVPM

***ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## ജിഎസ്ടി പരിഷ്കരണങ്ങൾ

രാജ്യത്ത് നിലവിൽ വന്ന ജിഎസ്ടി പരിഷ്കരണങ്ങൾ കാർഷിക മേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതായി കേന്ദ്ര

സർക്കാർ. വിവിധ കാർഷിക ഉപകരണങ്ങളുടെ ജിഎസ്ടി 12ൽ നിന്നും അഞ്ച് ശതമാനമായി കുറച്ചത് കർഷകർക്ക് ആശ്വാസമേകുന്നു. ജൈവ കീടനാശിനികൾ, വളങ്ങൾ എന്നിവയുടെ ജിഎസ്ടി നിരക്കും കുറച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**കാസർഗോഡ് (ഇൻട്രോ)**

കാസർഗോഡ് മുളിയാർ ഗ്രാമപഞ്ചായത്തു പരിധിയിലെ കാനത്തൂർ വടക്കേക്കര ഉന്നതിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായി. അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളുടെ പൂർത്തീകരണ ഉദ്ഘാടനം ഈ മാസം 28ന് മന്ത്രി ഒ .ആർ കേളു നിർവഹിക്കും. ***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ ........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**സ്കൂൾ കായിക മേള**

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു.1010 പോയിൻറുമായാണ് തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്ത് തുടരുന്നത്. 114 സ്വർണ്ണം, 85 വെള്ളി, 112 വെങ്കലം എന്നിങ്ങനെയാണ്

RIU TVPM

തിരുവനന്തപുരത്തിൻറെ നേട്ടം. 474 പോയിൻറുമായി തൃശൂർ രണ്ടാമതും 443 പോയിൻറുമായി കണ്ണൂർ മൂന്നാമതുമാണ്. 423 പോയിന്റുമായി എറണാകുളം നാലാമതുണ്ട്. ഗെയിംസിലും നീന്തലിലും തിരുവനന്തപുരമാണ് മുന്നിൽ.

## വനിതാ ഏകദിന ക്രിക്കറ്റ്

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ന്യൂസിലൻഡിനെ പരാജയപ്പെടുത്തി - ഇന്ത്യ സെമിയിൽ പ്രവേശിച്ചു. ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ദക്ഷിണാഫ്രിക്ക എന്നിവയാണ് സെമിയിൽ പ്രവേശിച്ച മറ്റ് ടീമുകൾ. ഇന്ന് നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക പാകിസ്ഥാനെ നേരിടും. വൈകിട്ട് മൂന്ന് മണിക്ക് കൊളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

## ഐക്യ രാഷ്ട്ര സഭ ദിനം

ഇന്ന് ഐക്യ രാഷ്ട്ര സഭ ദിനം. 1945 ഒക്ടോബർ 24 നാണ് ഐക്യ രാഷ്ട്ര സഭ ചാർട്ടറിലൂടെ ഐക്യ രാഷ്ട്ര സഭ നിലവിൽ വന്നത്. 1948 മുതൽ ഈ ദിനം ഐക്യ രാഷ്ട്ര സഭാ ദിനം ആയി ആചരിക്കുന്നു. "വിദ്യാഭ്യാസം ഭാവിയെ

രൂപപ്പെടുത്തുന്നു" എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം.

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി- സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 172 പോയിന്റ് നഷ്ടത്തിൽ 84,384 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 50 പോയിന്റ് കുറഞ്ഞു 25,842-ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർധന.സ്വർണം ഗ്രാമിന് 35 രൂപ ഉയർന്നു 11,500 രൂപയും,പവന് 280 രൂപ കൂടി 92,000 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഗതാഗത നിയന്ത്രണം

യുവമോർച്ച സെക്രട്ടേറിയറ്റ് ഉപരോധത്തിൻറെ പശ്ചാത്തലത്തിൽ തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഇന്ന് വൈകുന്നേരം 5 മണിമുതൽ നാളെ ഉപരോധം അവസാനിക്കുന്നതു വരെയാണ് നിയന്ത്രണം. സ്റ്റാച്യു ഭാഗം വഴി കടന്നു പോകുന്ന വാഹനങ്ങൾക്കാണ് നിയന്ത്രണം. പ്രധാന റോഡുകളിൽ വാഹന പാർക്കിങ്ങും നിരോധിച്ചിട്ടുണ്ട്. ട്രാഫിക് നിയന്ത്രണവുമായി ബന്ധപ്പെട്ട

വിവരങ്ങൾക്കായി 04712558731 എന്ന നമ്പറിലോ, 9447930055 എന്ന നമ്പറിലോ വിളിക്കാം.

**മന്ത്രി എം.ബി രാജേഷ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി കണ്ണൂർ ഏഴോം ഗ്രാമപഞ്ചായത്തിൽ നിർമിച്ച ഭവന സമുച്ചയം ഇന്ന് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യും. ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ 24 പട്ടികജാതി കുടുംബങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

RNUTVPM